## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489 2/7/2013 -ൽ മറുപടിക്ക്

## നികുതി ഘടന ഏകീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. എൻ ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വാണിജ്യ നികുതി പിരിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; വാറ്റ് ഈടാക്കുന്നതിലെ എന്തെല്ലാം അപാകതകളാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ; | (എ) | വ്യാപാരിക്കെതിരെ നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കുക എന്ന പ്രക്രിയ നിയമപ്രകാരമുള്ള സാധാരണ നടപടിയാണ്. അതിൽ തർക്കങ്ങളും പരാതികളും സ്വാഭാവികമാണ്. അത് പരിഹരിക്കാൻ അപ്പീൽ സംവിധാനങ്ങളും നിലവിലുണ്ട്. എന്നിരുന്നാലും ഈടാക്കുന്ന നികുതി നിരക്ക് ഉല്പന്നങ്ങളുടെ ഷെഡ്യൂളുകളിലെ ക്ളാരിഫിക്കേഷൻ, ചരക്കുകളുടെകൂടെയുള്ള ഡോക്കുമെന്റ്സിലെ പര്യാപ്തത എന്നിവകളുൾപ്പെടെയുള്ള വിഷയങ്ങളിൽ പരാതികൾ ലഭിക്കാറുണ്ട് |
| (ബി) | മൂല്യ വർദ്ധിത നികുതി നാലു ശതമാനത്തിൽ നിന്നും 12.50 ശതമാനം പിരിച്ചെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഉല്പന്നങ്ങളെ **I, II, III** പട്ടികകളായി തരം തിരിക്കുകയും ഇവയ്ക്ക് യഥാക്രമം 0, 1, 4 ശതമാനം നികുതി നിരക്ക് ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ പട്ടികകളിൽ ഒന്നും ഉൾപ്പെടാത്തവയെ 12.5 ശതമാനം നികുതി നിരക്കിലും ഏതാനും ചില ഉല്പന്നങ്ങൾക്ക് 15, 20, 22.5 എന്നീ നിരക്കുകളും നിശ്ചയിച്ചിരിക്കുന്നു. അയൽ സംസ്ഥാനങ്ങളുടെ നികുതി നിരക്കുകൾ കണക്കിലെടുത്തും ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാന താൽപര്യങ്ങൽ കണക്കിലെടുത്തും വാറ്റിന്റെ പൊതുനിരക്കുകളായ 4 ശതമാനം, 12.5 ശതമാനം എന്നിവ യഥാക്രമം 5%, 13.5% എന്നിവയായി കഴിഞ്ഞവർഷം വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 13.5 ശതമാനം നിരക്ക് 14.5 ശതമാനമായും |

ഉയർത്തിയിട്ടുണ്ട്. ഇവ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകളാണ്. ഒരുല്പന്നത്തിന്റെ നികുതി നിരക്ക് മാറ്റി നിശ്ചയിക്കുന്നതിന് നിയമഭേദഗതി ആവശ്യമാണ്. ഉല്പന്നങ്ങളുടെ നികുതി നിരക്ക് അത് ഏത് പട്ടികയിൽ ഉൾപ്പെടുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഏത് പട്ടികയിൽ ഉൾപ്പെടുന്നു എന്നതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ അസസ്മെന്റിന് നിദാനമാകാറുണ്ട്. ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അപ്പീൽ സംവിധാനം വകുപ്പിൽ നിലവിലുണ്ട്. മൂല്യവർദ്ധിത നികുതി നിയമത്തിലെ 3-ാം പട്ടികയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉല്പന്നത്തിന് നിയമവിരുദ്ധമായി പന്ത്രണ്ടര ശതമാനം പിരിച്ചെടുക്കാനുള്ള നടപടികളൊന്നും വകുപ്പ് സ്വീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | ഇതര സംസ്ഥാനങ്ങളിലേതുപോലെ നികുതി ഘടന ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | മൂല്യ വർദ്ധിത നികുതി നടപ്പിലാക്കുന്നതിന് മുമ്പ് ദേശീയതലത്തിലും സംസ്ഥാന തലത്തിലും വ്യത്യസ്ത നികുതി ഘടനയാണ് നിലനിന്നിരുന്നത്. നികുതി നിരക്കിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ നിലനിന്നിരുന്ന അനാരോഗ്യകരമായ തർക്കം അവസാനിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ തമ്മിലുള്ള നികുതി നിരക്കിൽ ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനു സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതി നിശ്ചയിച്ച പ്രകാരമുള്ള നിരക്കുകളാണ് മൂല്യവർദ്ധിത നികുതി നിയമത്തിൽ സംസ്ഥാനങ്ങൾ പൊതുവായി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലും വാറ്റ് നിരക്ക് ഉന്നതാധികാര സമിതി നിശ്ചയിച്ച പൊതുമാനദണ്ഡങ്ങൾ പ്രകാരമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ പ്രാദേശിക സ്വഭാവം, വ്യാപാര വ്യതിചലനത്തിനുള്ള സാധ്യതകൾ തുടങ്ങിയ ഘടകങ്ങളും കണക്കിലെടുത്താണ് വാറ്റ് നിരക്ക് നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ